International folklore film festival
4th edition, 2021 Jan. 8,9,10

# 4th INTERNATIONAL FOLKLORE FILM FESTIVAL-IFFF

**2021 January 8-9-10, INDIA- KERALA,G5,Alukkas Castle,Thrissur 680003**
**email:folkfilmsindia@gmail.com ; www.orangefilmacademy.com;**
**9496168654 , 9526466094**

**Organising Committee -4th Edition, Chairman :K V Asokan, Festival Director: Dr.Aju K Narayanan, Joint Director : Vasanthan K V, Deputy Director: Anuranj K B, Executive Members: Cherian Joseph (President IFFF),Pransingh K G (Secretary IFFF),Jos K A(Treasurer),Dr.Anandan Raghavan,Dr.C S Biju,Dr.P Ranjith, Paul Jos Kattookkaran, A Radhakrishnan,Baiju C B,Ramesh Karinthalakkootam, Sajeerbabu, Purushotaman M B**

## ചിലിയൻ സിനിമ 'ദി ഓഫ്സ്പ്രിംഗ്, പോളിഷ് സിനിമ 'മെക്സിക്കോ അവെയ്റ്റിംഗ് ഫോർ ദി സോൾസ് ഓഫ് ദി ഡെഡ്, ഇന്ത്യൻ സിനിമ പെരുമീൻ 2020 എന്നിവ ഉദ്ഘാടനച്ചിത്രങ്ങൾ

ഇന്റർനാഷണൽ ഫോക്‌ലോർ ഫിലിം ഫെസ്റ്റിവലിന്റെ 4–ാം പതിപ്പ് 2021 ജനുവരി 8,9,10 തിയ്യതികളിൽ അരങ്ങേറുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഫിസിക്കലായും ഓൺലൈനായും ഒരേസമയം സിനിമകൾ പ്രദർശിപ്പിക്കുന്ന ഹൈബ്രിഡ് പ്രദർശനരീതിയാണ് ഇക്കുറി അവലംബിച്ചിരിക്കുന്നത്. 43 രാജ്യങ്ങളിൽ നിന്നായി ഫോക്‌ലേറിന്റെ വ്യത്യസ്ത വിഭാഗങ്ങളിലായി - പാൻഡമിക് ലോർ, എർത്ത് ലോർ, ഹിസ്റ്ററി ലോർ, അർബൻ ലോർ, ഫോക് മ്യൂസിക്, കാർണിവൽ ലിറ്ററേച്ചർ & ഫോക്, ജനറൽ ഫോക് - ഉൾപ്പെടുന്ന 150 ഓളം സിനിമകളാണ് പ്രദർശിപ്പിക്കുക.

ലാറ്റിനമേരിക്ക (23), യൂറോപ്പ് (21), ഇന്ത്യ (31), പശ്ചിമ ഏഷ്യ (21), സൗത്ത് ഈസ്റ്റ് ഏഷ്യ, ആഫ്രിക്കൻ രാജ്യങ്ങൾ തുടങ്ങി 43 രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾ പ്രദർശിപ്പിക്കും.

സെന്റ് തോമസ് കോളേജിലെ 3 വേദികളിലായാണ് ഫിസിക്കൽ പ്രദർശനങ്ങളുണ്ടാകുക. ഓറഞ്ച് ഫിലിം അക്കാദമിയുടെ 2 സ്ക്രീനിൽ 'ഓൺലൈൻ പ്ലാറ്റ്ഫോമി'ലാണ് ഓൺലൈൻ പ്രദർശനം നടക്കും. സെമിനാർ, പ്രഭാഷണം, ഫെസ്റ്റിവൽ, ഇ ബുക്ക് റിലീസ്, ഓപ്പൺ ഫോറം തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കപ്പെടും.

കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള സാമൂഹ്യ അകലം പാലിച്ചുകൊണ്ടുമാത്രമെ ഫിസിക്കൽ വേദികളിൽ നടക്കുന്ന പ്രദർശനങ്ങൾ കാണാൻ പ്രേക്ഷകരെ അനുവദിക്കുകയുള്ളു. വേദിയിൽ നേരിട്ട് എത്തി സിനിമകൾ കാണാൻ കഴിയാത്തവർക്കായിട്ടാണു ഓൺലൈൻ സ്ക്രീനിംഗ് പ്രയോജനപ്പെടുക. പേര്, ഇമെയിൽ, മൊബൈൽ നമ്പർ എന്നിവ

SMS ലൂടെയോ വാട്സ്അപ്പിലൂടെയോ നൽകുന്നവർക്ക് ഫോക്‌ലോർ സിനിമകൾ കാണാൻ അവസരമൊരുക്കും കേരളത്തിൽ ആദ്യമായാണ് ഒരു ചലച്ചിത്രോത്സവം ഹൈബ്രിഡ് രീതിയിൽ ഒരുക്കിയിരിക്കുന്നത്. സിനിമ പ്രദർശനങ്ങൾക്ക് പുറമെ മേളയുടെ ഉദ്ഘാടന ചടങ്ങ്, പ്രഭാഷണങ്ങൾ, സെമിനാർ എന്നിവയും പ്രേക്ഷകർക്ക് അനുഭവിക്കാം.

തൃശ്ശൂർ ചലച്ചിത്രകേന്ദ്രം, IFFT, ഓറഞ്ച് ഫിലിം അക്കാദമി, സെന്റ് തോമസ് കോളേജ് നാട്ടുകലാകാരക്കൂട്ടം, നാഷണൽ യൂത്ത് പ്രൊജക്ട് എന്നിവയുടെ നേതൃത്വത്തിൽ തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ ജില്ല പഞ്ചായത്ത്, എഫ്.എഫ്.എസ്.ഐ, കേരള ഫോക്‌ലോർ അക്കാദമി എന്നിവരുടെ സഹകരണത്തോടെയാണ് ചലച്ചിത്രമേള സംഘടിപ്പിച്ചിരിക്കുന്നത്.

ഫോക്‌ലോർ ചലച്ചിത്രമേളയുടെ ഔപചാരികമായ ഉദ്ഘാടനം ജനുവരി 8ന് വൈകീട്ട് 5 മണിക്ക് തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. എം.കെ. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ നിർവ്വഹിക്കും. ഫോക്‌ലോർ അക്കാദമി ചെയർമാൻ ശ്രീ. സി.ജെ കുട്ടപ്പൻ, സംവിധായകൻ വി.കെ പ്രകാശ് (മുഖ്യാതിഥി), ഡോ.അജു കെ.നാരയണൻ (ഫെസ്റ്റിവൽ ഡയറക്ടർ), സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ.ജോയി കെ.എൽ, ഓറഞ്ച് ഫിലിം അക്കാദമി ചെയർമാൻ, ടി.കൃഷ്ണനുണ്ണി, കെ.വി.അശോകൻ (ചെയർമാൻ), ചെറിയാൻ ജോസഫ് (പ്രസിഡന്റ് IFFF), ഡോ.സി.എസ്.ബിജു (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്), കെ.ജി. പ്രാൺസിംഗ് (സെക്രട്ടറി IFFF), സൂർജിത്ത് വി.എൻ, സജു കെ.വി (ജില്ലാ പഞ്ചായത്ത് അംഗങ്ങൾ), ഡോ.ആനന്ദൻ രാഘവൻ, ബൈജു സി.വി. എന്നിവർ പങ്കെടുക്കും.

9496168654

**<u>പത്രസമ്മേളനത്തിൽ പങ്കെടുത്തവർ</u>**

ചെറിയാൻ ജോസഫ് (പ്രസിഡന്റ് IFFF)

കെ.വി.അശോകൻ (ചെയർമാൻ, 4-ാമത് IFFF സംഘാടക സമിതി)

ഡോ.സി.എസ്.ബിജു (സെന്റ് തോമസ് കോളേജ് ഡയറക്ടർ സെന്റർ ഫോർ മീഡിയ സ്റ്റഡീസ്)

എ.രാധാകൃഷ്ണൻ (ഐ.എഫ്.എഫ്.ടി)

ബൈജു സി.ബി (സെക്രട്ടറി, നാട്ടുകലാകാരക്കൂട്ടം)